**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **15-03-2022 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക നിലവിലുണ്ടോയെന്നും പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം നടക്കുന്നുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക നിലവിവുണ്ട്. പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം നടക്കുന്നില്ല. വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥരുടെ വിശേഷാൽ ചട്ടങ്ങൾ G.O.(P)No.36/2008 തീയതി 25.09.2008 പ്രകാരം ട്രാഫിക് സൂപ്രണ്ട് തസ്തികയുടെ ഫീഡർ തസ്തികയായി അസിസ്റ്റന്റ് ട്രാഫിക് സൂപ്രണ്ട് തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തസ്തിക സംബന്ധിക്കുന്ന വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്തതിനാൽ ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്താൻ സാധിക്കുന്നില്ല. ടി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. |
| (ബി) | ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ അവസാനമായി നിയമനം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ അവസാനമായി നിയമനം നടന്നത് 09.01.2008 ലാണ്. |
| (സി) | ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ നിയമനത്തിനുള്ള യോഗ്യത എന്താണെന്നും പ്രസ്തുത യോഗ്യതയുള്ള എത്ര പേർ ജലഗതാഗത വകുപ്പിൽ ഉണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ട്രാഫിക് സൂപ്രണ്ട് തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു. By transfer from qualified persons in the category of Assistant Traffic Superintendent in State Water Transport Department Subordinate Service. (i)S.S.L.C equivalent qualification. (ii)Must have ten years total experience in the Operation Wing of State Water Transport Department including two years service as Station Master Grade I/Checking Inspector Grade I. യോഗ്യതയുള്ളവർ ആരും ഇല്ല. |
| (ഡി) | നിലവിൽ ട്രാഫിക് സൂപ്രണ്ടിന്റെ ചാർജ് വഹിക്കുന്നത് ആരാണെന്നും അദ്ദേഹത്തിന്റെ യോഗ്യത, ഏത് തസ്തികയിലാണ് അദ്ദേഹം ജോലി ചെയ്യുന്നത് എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ? | (ഡി) | നിലവിൽ ട്രാഫിക് സൂപ്രണ്ടിന്റെ ചാർജ്ജ് വഹിക്കുന്നത് ശ്രീ.എം.സുജിത് ആണ്. അദ്ദേഹത്തിന്റെ യോഗ്യത S.S.L.C, H.S.E, I.T.C എന്നിവയാണ്. നിലവിൽ ടിയാൻ സ്റ്റേഷൻ മാസ്റ്റർ ഗ്രേഡ് I തസ്തികയിലാണ് ജോലി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ